GURUKULAM

# 8

## കാക്കയുടെ ബുദ്ധി

ഒരിക്കൽ ഒരു കാക്കയ്ക്കു വളരെ ദാഹം തോന്നി. അത് വെള്ളത്തിനു വേണ്ടി അലഞ്ഞു നടന്നു. ഒടുവിൽ അത് ഒരു കിണറിനടുത്ത് ഒരു ഭരണിയുടെ അടിയിൽ കുറച്ചു വെള്ളം കണ്ടു. കൌശലക്കാരനായ കാക്ക ആ വെള്ളം കുടിക്കാനുള്ള ഒരു വഴി കണ്ടു പിടിച്ചു. കുറച്ചു കല്ലുകൾ കൊത്തിയെടുത്തു ഭരണിയിൽ ഒന്നൊന്നായി ഇട്ടു. ക്രമേണ വെള്ളം ഭരണിയുടെ മേൽ ഭാഗത്തോളം ഉയർന്നു വന്നു. കാക്ക ദാഹശമനം വരുത്തി സംതൃപ്തിയോടെ പറന്നു പോയി.

ബുദ്ധി ഉപയോഗിച്ചാൽ വിഷമങ്ങളിൽനിന്നും രക്ഷപെടാം

GURUKULAM

<u>കാക്കയുടെ ബുദ്ധി</u>

# അഭ്യാസം

## I. കഥ വായിച്ചു ഉചിതമായ അക്ഷരങ്ങൾ ചേർത്തു പൂരിപ്പിക്കുക.

1. വ__രെ ________
2. ന__ന്നു ________
3. ഭ__ണി ________
4. അടി__ൽ ________
5. കൂ__ച്ചു ________
6. കല്ലു__ൾ ________

## II. ഉചിതമായ ഇംഗ്ളിഷ് പദങ്ങൾ എഴുതുക.

1. ബുദ്ധി ________
2. സംതൃപ്തി ________
3. ദാഹശമനം ________
4. രക്ഷപെടാം ________
5. ക്രമേണ ________
6. വിഷമങ്ങൾ ________
7. ഉപയോഗിച്ചു ________
8. കൌശലക്കാരൻ ________
9. ഒന്നൊന്നായി ________
10. അടിയിൽ ________

## III. മലയാളത്തിൽ ഉത്തരമെഴുതുക.

1. കാക്ക എന്തിനു വേണ്ടിയാണ് അലഞ്ഞു നടന്നത്?

________________________________

2. കവല്ലം കുടിക്കാൻ കാക്ക എന്തു വഴിയാണ് കണ്ടുപിടിച്ചത്?

________________________________

3. വിഷമങ്ങളിൽ നിന്നും രക്ഷപെടാൻ എന്തു ചെയ്യണം?

________________________________

## IV. തന്നിരിക്കുന്ന വാക്കുകൾ എഴുതി അഭ്യസിക്കുക.

| | | | |
|---|---|---|---|
| ബുദ്ധി | കൌശലക്കാരൻ | ഒന്നൊന്നായി | ഉപയോഗിച്ചു |
| കല്ലുകൾ | സംതൃപ്തി | ദാഹശമനം | രക്ഷപെടാം |
| ക്രമേണ | വിഷമങ്ങൾ | ഭരണിയുടെ | ഭാഗത്തോളം |